“കർത്താവേ,
നീ
ഇവിടെ
ഉണ്ടായിരുന്നെങ്കിൽ...”

യോഹ 11, 21

# വിചിന്തനം

## സെപ്റ്റംബർ 2024

ലാസറിന്റെ രോഗവും മരണവും മാർത്തയ്ക്കും മറിയത്തിനും ഒരു വലിയ ആഘാതമായിരുന്നു. ആ പരീക്ഷണഘട്ടത്തിൽ യേശുവിന്റെ സാന്നിധ്യം എത്രയോ തീവ്രമായാണ് അവർ ആഗ്രഹിച്ചത്! “കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു”. ഈ വാക്കുകൾ അവർ എത്രയോ തവണ ഉരുവിട്ടിട്ടുണ്ടാകണം! ലാസറിനെ അഗാധമായി സ്നേഹിച്ചിരുന്ന യേശുവിന്റെ അസാന്നിധ്യം അവരുടെ ആശയക്കുഴപ്പം വർധിപ്പിക്കുകയാണ്. ആളെ വിട്ട് വിവരമറിയിച്ചിട്ടും അവൻ വരാത്തത് എന്താണ്? ആരെങ്കിലും വഴിയായി ഒരു ആശ്വാസവാക്കെങ്കിലും അറിയിക്കാത്തതെന്ത്? അവരുടെ ഹൃദയങ്ങളിൽ ചോദ്യങ്ങളും സംശയങ്ങളും ഉയരുന്നു. യേശുവിന്റെ ശക്തിയിൽ അവർക്ക് അചഞ്ചലമായ വിശ്വാസമുണ്ട്. ലാസറിനെ സംസ്കരിച്ചു നാലുദിവസം കഴിഞ്ഞ് യേശുവെത്തുമ്പോൾ മാർത്ത പറയുന്ന ഈ വാചകം അവരുടെ വിശ്വാസത്തിന് അടിവരയിടുകയാണ്. “കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു, എന്നാൽ, നീ ചോദിക്കുന്നതെന്തും ദൈവം നിനക്കു തരും എന്ന് എനിക്കറിയാം”.

യേശുവിനെ കാണുമ്പോൾ മറിയവും ഇതേ വാചകമാണ് പറയുന്നത്. “കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുമായിരുന്നില്ല” (യോഹ 11,32). തന്റെ കാലിൽ വീണു വിലപിക്കുന്ന ആ സ്ത്രീയുടെ വേദന യേശുവിനെയും കണ്ണീരിലാഴ്ത്തുന്നു. അവളുടെ വേദനയിൽ അവനും അവളോടൊപ്പം കരയുന്നു.

തിരിഞ്ഞു നോക്കിയാൽ നമ്മുടെ ജീവിതത്തിലും യേശുവിന്റെ സാന്നിധ്യം നാം അതിയായി ആഗ്രഹിച്ച നിമിഷങ്ങൾ കണ്ടെത്താനാകും. നമ്മിൽ ചിലർ ഇപ്പോൾ പോലും അതേ അവസ്ഥയിലായിരിക്കാം. പരീക്ഷണങ്ങളും സഹനങ്ങളും നമ്മുടെ ജീവിതത്തെ കഠിനമാക്കാറുണ്ട്. തീവ്രമായ വേദനയിലൂടെ കടന്നുപോകുമ്പോഴും എന്തുകൊണ്ട് ഇത് സംഭവിക്കുന്നുവെന്ന് നമുക്ക് മനസ്സിലാകണമെന്നില്ല. യുദ്ധമുഖത്തുനിന്നുള്ള ഹൃദയം തകർക്കുന്ന കാഴ്ചകൾ, കഠിനരോഗങ്ങൾ ബാധിച്ചവരുടെ ദുരിതങ്ങൾ, കടുത്ത മാനസിക വ്യഥകളിലൂടെ കടന്നുപോകുന്ന കുഞ്ഞുങ്ങളുടെ അവസ്ഥ, ജീവിതം വഴിമുട്ടിക്കുന്ന തരത്തിലുള്ള സാമ്പത്തിക ബാധ്യതകൾ എന്നിങ്ങനെ “കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ” എന്ന് ഓർത്തുപോകുന്ന  എത്രയോ സാഹചര്യങ്ങളാണ് നമ്മുക്ക് ചുറ്റുമുള്ളത്!

ചിലപ്പോഴെല്ലാം ദൈവത്തിന്റെ സാന്നിധ്യം അനുഭവവേദ്യമാകാതിരിക്കുമ്പോഴാണ് നാം ഈ അവസ്ഥയിലെത്തുന്നത്. അല്ലെങ്കിൽ ആഴമേറിയ ഒറ്റപ്പെടൽ, പ്രലോഭനങ്ങളുടെ മുൻപിലുള്ള ഇടർച്ചകൾ, ജീവിതത്തിൽ തീരുമാനമെടുക്കാനുള്ള കഴിവില്ലായ്മ തുടങ്ങിയ സാഹചര്യങ്ങളിലാകാം ഈ വാക്കുകൾ നമ്മുടെ അധരങ്ങളിൽ വരുന്നത്. അവൻ ഇവിടെയുണ്ടായിരുന്നെങ്കിൽ ആ അപകടമോ അപമാനമോ എനിക്കു സംഭവിക്കുമായിരുന്നില്ല എന്ന വേദന, അമർഷമായി നമ്മിൽ ചിലരുടെയെങ്കിലും മനസ്സിൽ തളംകെട്ടി നിൽക്കുന്നുണ്ടാകും. അവൻ എന്തുകൊണ്ട് വന്നില്ല? എന്തുകൊണ്ട്  എന്നെ ഉപേക്ഷിച്ചു?

ഇത്തരം ചോദ്യങ്ങളും നിലവിളിയും മനസ്സിലാക്കുന്നവനാണ് യേശു. കുരിശിൽ കിടന്നുകൊണ്ട് "എന്റെ ദൈവമേ, എന്റെ ദൈവമേ എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു" എന്നുപറഞ്ഞ് കരയുമ്പോൾ അവൻ നമ്മുടെ പ്രാർഥനകളെ അവന്റേതാക്കുകയായിരുന്നു. എന്നിട്ടും ബഥാനിയായിലേക്കു വരാൻ അവൻ നാലുദിവസം കാത്തിരുന്നു. എന്തുകൊണ്ട്? ശിഷ്യൻമാരുമായുള്ള അവന്റെ സംഭാഷണത്തിൽനിന്ന് നമുക്ക് ചില ഉൾക്കാഴ്ചകൾ ലഭിക്കും.

ലാസറിന്റെ രോഗത്തെക്കുറിച്ച് കേട്ടപ്പോൾ, യേശു പറഞ്ഞു "ഈ രോഗം മരണത്തിൽ അവസാനിക്കാനുള്ളതല്ല; പ്രത്യുത ദൈവത്തിന്റെ മഹത്വത്തിനും അതുവഴി ദൈവപുത്രൻ മഹത്വം പ്രാപിക്കുന്നതിനും വേണ്ടിയുള്ളതാണ്". (യോഹ 11,4). യേശു വീണ്ടും പറയുന്നു, "ലാസർ മരിച്ചുപോയി. നിങ്ങൾ വിശ്വസിക്കേണ്ടതിന് ഞാൻ അവിടെയില്ലാഞ്ഞതിൽ നിങ്ങളെ പ്രതി ഞാൻ സന്തോഷിക്കുന്നു" (യോഹ 11, 14-15).

യേശുവിന്റെ മറുപടിയിൽ രണ്ട് സൂചകങ്ങളാണ് കാണുന്നത്. ഒന്ന് ദൈവത്തിന്റെ മഹത്വമാണ്. രണ്ടാമത്തേത് വിശ്വാസത്തിന്റെ വളർച്ചയും. യേശുവിന്റെ സാന്നിധ്യത്തിനായി ലാസറിന്റെ സഹോദരിമാർ അക്ഷമരായി കാത്തിരിക്കുമ്പോൾ അവിടെ എത്താനാകാത്തതിൽ യേശു ഒരു തരത്തിൽ സന്തോഷം പ്രകടിപ്പിക്കുകയാണ്. കാരണം, ശിഷ്യൻമാരെയും മാർത്തയെയും മറിയത്തെയും അവിടെക്കൂടിയിരുന്ന മറ്റു യഹൂദരെയും വിശ്വാസത്തിന്റെ അടുത്ത തലത്തിലേക്ക് ഉയർത്തുകയായിരുന്നു അവൻ. ജീവിതത്തിൽ പരീക്ഷണങ്ങൾ നേരിടുമ്പോൾ ദൈവത്തിന്റെ പരമമായ മഹത്വം തേടാനും വിശ്വാസം വർധിപ്പിക്കാനും നമുക്ക് സാധിക്കുമോ?

നൂറ്റാണ്ടുകൾക്കു മുൻപ് തോമസ് അക്കെമ്പിസ് ക്രിസ്താനുകരണത്തിൽ ഇങ്ങനെ എഴുതി: 'അപ്പം മുറിക്കുന്നതുവരെ അനേകർ യേശുവിനെ അനുഗമിച്ചുവെങ്കിൽ അവന്റെ സഹനത്തിന്റെ പാനപാത്രം കുടിക്കാൻ ഏതാനുംപേർ മാത്രം. പ്രതികൂലമായതൊന്നും സംഭവിക്കാത്തിടത്തോളം അനേകർ യേശുവിനെ സ്നേഹിക്കുന്നു, അവനിൽനിന്ന് ആശ്വാസം ലഭിക്കുന്നിടത്തോളം അനേകർ അവനെ പുകഴ്ത്തുന്നു, എന്നാൽ യേശു അവരുടെ കൺമുന്നിൽനിന്ന് അൽപനേരത്തേക്ക് മറഞ്ഞിരുന്നാൽ, അവർ പരാതികളിലേക്കും കടുത്ത നിരാശയിലേക്കും വീണുപോകുന്നു. ഏതെങ്കിലും തരത്തിലുള്ള ആശ്വാസത്തിനോ സന്തോഷത്തിനോ വേണ്ടിയല്ലാതെ യേശുവിനെ യേശുവിനുവേണ്ടി സ്നേഹിക്കുന്നവർ ഏറ്റവും വലിയ സന്തോഷമെന്നപോലെ ഏറ്റവും കഠിനമായ സഹനങ്ങളിലും വേദനകളിലും അവനെ മഹത്വപ്പെടുത്തുന്നു.'

ബെർലി ഏണസ്റ്റ്

ജീസസ് യൂത്ത് ഇന്റർനാഷണൽ കൗൺസിലിന്റെ ആനിമേറ്ററും ഒരു ഇലക്ട്രോണിക്സ് ഹോൾസെയിൽ കമ്പനിയുടെ ഡയറക്ടറും ആണ്. ഭാര്യ ആനിക്കും മൂന്ന് പെൺമക്കൾക്കും ഒപ്പം കൊച്ചിയിലാണ് താമസം.